M 5399

Reg. No.: ..............................

Name : ..................................

# I Semester B.A./B.Sc./B.Com./B.B.A./B.B.A.T.T.M./B.B.M./B.C.A./B.S.W./ B.A. Afsal-Ul-Ulama Degree (CCSS –Reg./Supple./Improv.) Examination, November 2013
## COMMON COURSE IN MALAYALAM (For B.A./B.Sc.)
## 1 A 07 MAL : സാഹിത്യ പഠനങ്ങൾ
## (2012 Admn. Onwards)

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിനു ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് **1**. **(4×1=4 വെയിറ്റേജ്)**

1) താഴെ കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കളുടെ പേരെഴുതുക.

a) ചണ്ഡാലഭിക്ഷുകി

b) കുടിയൊഴിക്കൽ

c) കൊമാല

d) നീർമാതളം പൂത്തകാലം

2) ഉത്തരമെഴുതുക.

a) മുളയെ സൂചിപ്പിക്കാൻ കുറുമർ ഉപയോഗിക്കുന്ന വാക്ക് ഏതാണ് ?

b) ബെട്ടുക്കുറുമ സമുദായത്തെ നിയന്ത്രിക്കുന്ന മൂപ്പനെ എന്തു പേരിൽ അറിയപ്പെടുന്നു ?

c) പുനംകൃഷിക്ക് നിലമൊരുക്കുന്നത് ഏതു മാസത്തിലാണ് ?

d) നീലഗിരിയിലെ കുറുമ സ്ത്രീകൾ നെറ്റിയിൽ പച്ച കുത്തുന്ന അടയാളമെന്ത് ?

3) ''സസംഭ്രമം പഴക്കത്താൽ ഭ്രൂലതതാനുണർന്നെന്തോ
പ്രസംഗിപ്പാനൊരുങ്ങുന്നു ഫലിയായ്കിലും''

a) ആരുടെ അവസ്ഥയാണിത് ?

b) ആരോടാണ് പ്രസംഗിക്കാൻ ഒരുങ്ങുന്നത് ?

c) കൃതി ഏത് ?

d) കവി ആരാണ് ?

4) ''കൂർപെറും മാലോകരേ വെളിയിൽ കടക്കുവിൻ''

a) ആരുടെ വാക്കുകൾ ?

b) ഇങ്ങനെ പറയാൻ കാരണമെന്ത് ?

c) കവി ആര് ?

d) ഏത് കവിതയിലെ വാക്യം ?

5) ''ഓഹോ, അപ്പോൾ അതാണ് കാര്യം. നിങ്ങളിനിയും ആ വൃത്തികെട്ട സാധനത്തെ ഉപേക്ഷിച്ചില്ല, അല്ലേ ?''

a) ആരുടെ വാക്കുകൾ ?

b) വൃത്തികെട്ട സാധനം എന്താണ് ?

c) ഏത് കഥയിലെ വാക്യമാണിത് ?

d) കഥാകൃത്ത് ആര് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

**(4×1=4 വെയിറ്റേജ്)**

6) ''വിശപ്പിന്നു വിഭവങ്ങൾ വെറുപ്പോളമശിച്ചാലും
വിശിഷ്ട ഭോജ്യങ്ങൾ കാൺകിൽ കൊതിയാമാർക്കും'' – കവി വിവക്ഷിതമെന്ത് ? വ്യക്തമാക്കുക.

7) ''ദ്യോവിനെ വിറപ്പിക്കുമാ വിളി കേട്ടോ, മണി –
ക്കോവിലിൽ മയങ്ങുന്ന മാനവരുടെ ദൈവം'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

8) ''പെട്ടെന്ന് ആ വെളുത്ത പുഞ്ചിരി തന്റെ കണ്ണുകളിലാകെ വ്യാപിച്ചപോലെ അവൾക്ക് തോന്നി. അവളുടെ കാലുകൾ വിറച്ചു'' സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

9) ''അടുക്കളയിൽ നിന്ന് അരങ്ങത്തേക്കു വന്ന ഒരു വീട്ടുപകരണമാണു ഞാൻ'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

10) ''ക്ലാസിക് കാലഘട്ടത്തിൽ സി. വി. ക്ക് സാധിച്ചതിന്റെ ഒരു തുടർച്ച, ആ രീതിയില ല്ലെങ്കിലും മലയാള സാഹിത്യത്തിൽ പിന്നീട് കാണാനാവുന്നത് കോവിലനിലാണ് '' – ലേഖിക വിവക്ഷിക്കുന്നതെന്ത് ? വ്യക്തമാക്കുക.

III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

**(5×2=10 വെയിറ്റേജ്)**

11) ''ഹാ ! സുഖങ്ങൾ വെറും ജാലം, ആരറിവൂ നിയതിതൻ
ത്രാസ്സുപൊങ്ങുന്നതും താനെ താണുപോവതും''
– സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

12) അണു കുടുംബത്തിനുള്ളിലെ താളവും താളപ്പിഴകളും 'റോഡിൽ പാലിക്കേണ്ട നിയമങ്ങൾ' എന്ന കഥയിൽ എങ്ങനെയെല്ലാം ചിത്രീകരിച്ചിരിക്കുന്നു ? പരിശോധിക്കുക.

13) ''എണീക്കാൻ ധൃതിപ്പെടേണ്ട
സമയമുണ്ടല്ലോ വേണ്ടുവോളം !'' – ആശയം വിശദമാക്കി നിരൂപിക്കുക.

14) 'കാഴ്ചയുടെ ഒരു പുതിയ വ്യാകരണം നിർമ്മിക്കുവാനും കാലത്തെ വ്യാഖ്യാനിക്കുവാനും പുതിയ കല തീവ്രമായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ് ' – വ്യക്തമാക്കുക.

15) ''അവൾ പരസ്യം പ്രസിദ്ധീകരിച്ച പത്രം ഒരു പൊട്ടിക്കരച്ചിലോടെ എനിക്കു നേരെ വലിച്ചെറിഞ്ഞു'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

16) 'കാൽ ചക്രം' എന്ന കഥ ഉന്നയിക്കുന്ന സാമൂഹിക പ്രശ്നം ചർച്ച ചെയ്യുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

**(3×4=12 വെയിറ്റേജ്)**

17) കുമാരനാശാന്റെ കവിതകളുടെ സവിശേഷതകൾ 'കരുണ'യെ ആസ്പദമാക്കി വിവരിക്കുക.

18) മാധവിക്കുട്ടിയുടെ ആഖ്യാനവൈഭവത്തിന് മികച്ച ഉദാഹരണമാണ് 'പക്ഷിയുടെ മണം' എന്ന കഥ – പരിശോധിക്കുക.

19) 'കൊച്ചിയിലെ വൃക്ഷങ്ങൾ' എന്ന കവിതയുടെ ആശയതലം വിശകലനം ചെയ്യുക.

20) കോവിലൻ കൃതികളുടെ സവിശേഷതകൾ വിവരിക്കുക.